"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ,
തിരുവനന്തപുരം

നമ്പർ:DT/6390/2019-G1 തീയതി: 12/03/2020

<u>ചുറ്ററിയിപ്പ്</u>

വിഷയം:- വ്യവസായിക പരിശീലന വകുപ്പ് – പരീക്ഷാവിഭാഗം – അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഏപ്രിൽ 2020 സെന്റർ ലിസ്റ്റ് പരിശോധിക്കുന്നത് – സംബന്ധിച്ച്

അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഏപ്രിൽ 2020 സപ്ലിമെന്ററി പരീക്ഷക്കായി അപേക്ഷ സമർപ്പിച്ച ട്രെയിനികളുടെ എണ്ണം പരിമിതമായതിനാൽ സംസ്ഥാനമൊട്ടകെ 21 പരീക്ഷാകേന്ദ്രങ്ങളാക്കി ക്രമീകരിച്ചിട്ടുണ്ട്. ടി പരീക്ഷാകേന്ദ്രങ്ങളുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം 1 ആയി ഉൾപ്പെടുത്തുന്നു. ടി പരീക്ഷകേന്ദ്രങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഐ ടി ഐ കളുടെ ലിസ്റ്റ് ഉള്ളടക്കം 2 ആയി ഉൾപ്പെടുത്തിയിരിക്കുന്നു. എല്ലാ ജില്ലാനോഡൽ ഐ ടി ഐ പ്രിൻസിപ്പാൾമാരും സെന്റർ ലിസ്റ്റ് അനുസരിച്ച് ഫോർമാറ്റ് 3 തയ്യാറാക്കേണ്ടതാണ്. ഇപ്രകാരം തയ്യാർ ചെയ്ത ഫോർമാറ്റ് 3 ഉം സബ് നോഡൽ ഐ ടി ഐ കളിൽ നിന്നും ലഭിച്ച ഫോർമാറ്റ് 2 ഉം (2A, 2B, 2C, 2D, 2E) (soft & hard copy) ചേർത്ത് 3 സെറ്റ് തയ്യാറാക്കേണ്ടതും അതിൽ ഒരു സെറ്റ് പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ട്മാരെ എൽപ്പിക്കേണ്ടതാണ്. ബാക്കിയുള്ള 2 സെറ്റിൽ ഒരു സെറ്റ് നോഡൽ ഐ ടി ഐ യിൽ സൂക്ഷിക്കേണ്ടതാണ്. ഒരു സെറ്റ് പ്രത്യേക ദൂതൻ മുഖേന ഈ കാര്യാലയത്തിലെ പരീക്ഷാവിഭാഗത്തിൽ എത്തിക്കേണ്ടതാണ് .

ഒപ്പ് .
MADHAVAN P K
ADDITIONAL DIRECTOR
ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

ഉള്ളടക്കം. മുകളിൽ പറഞ്ഞത്
എല്ലാ സ്ഥാപനമേധാവികൾക്കും

//അംഗീകാരത്തോടെ//
സെക്ഷൻ ഓഫീസർ